REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ലക്ഷദ്വീപിലെത്തും.**
- **ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും.**
- **നിയമസഭ ബജറ്റ് സമ്മേളനം ഇന്ന് ആരംഭിക്കും.**
- **മുതിർന്ന പൗരന്മാരോടു ക്രൂരതയുമായി ബന്ധപ്പെട്ട കേസുകളിൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഭാരതപ്പുഴയിൽ ഒഴുക്കിൽപെട്ട് ഒരു കുടുംബത്തിലെ നാലുപേർ മരിച്ചു. എറണാകുളം ചേന്ദമംഗലത്ത് ഒരു വീട്ടിലെ 3 പേരെ കൊലപ്പെടുത്തി.**
- **ഐ ലീഗ് കേരള ഫുട്ബോളിൽ ഗോകുലം കേരള FC ഇന്ന് പഞ്ചാബ് നാംധാരി FCയെ നേരിടും.**

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ലക്ഷദ്വീപിലെത്തും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾ സലാം.

.......വോയ്സ്.........

✪✪✪

ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും. രാജ്യത്തെ ഏറ്റവും വലിയ മൊബിലിറ്റി എക്സ്പോയാണിത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

......വോയ്സ്......

സുസ്ഥിരവും അത്യാധുനികവുമായ സാങ്കേതിക മുന്നേറ്റങ്ങൾക്ക് ഊന്നൽ നൽകി ഓട്ടോമോട്ടീവ്, മൊബിലിറ്റി മേഖലയിലുടനീളം സഹകരണവും നവീകരണവും പ്രോത്സാഹിപ്പിക്കാനാണ് എക്സ്പോ ലക്ഷ്യമിടുന്നത്.

ഭാരത് മണ്ഡപം, യശോഭൂമി, ഗ്രേറ്റർ നോയിഡയിലെ ഇന്ത്യ എക്സ്പോ സെന്റർ, മാർട്ട് എന്നിങ്ങനെ മൂന്ന് വ്യത്യസ്ത വേദികളിലായാണ് ആറ് ദിവസത്തെ ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ നടക്കുന്നത്. ഓട്ടോമോട്ടീവ്, മൊബിലിറ്റി മേഖലയിലെ പുതുമകളും മുന്നേറ്റങ്ങളും അയ്യായിരത്തിലധികം രാജ്യാന്തര പങ്കാളികളും എണ്ണൂറോളം പ്രദർശകരും എക്സ്പോയിൽ പ്രദർശിപ്പിക്കും. വ്യവസായവും പ്രാദേശിക തലങ്ങളും തമ്മിലെ സഹകരണം സാധ്യമാക്കുന്നതിന് മൊബിലിറ്റി മേഖലയിലെ നയങ്ങളും സംരംഭങ്ങളും പ്രദർശിപ്പിക്കുന്നതിനു സംസ്ഥാന സെഷനുകളും എക്സ്പോയിൽ അവതരിപ്പിക്കും.

✪✪✪

കേന്ദ്രഗവൺമെന്റ് ജീവനക്കാർക്കും പെൻഷൻക്കാർക്കും എട്ടാം ശമ്പളക്കമ്മീഷൻ രൂപീകരിക്കാൻ കേന്ദ്ര മന്ത്രിസഭ എടുത്ത തീരുമാനം അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുമെന്നും ഉപഭോഗത്തിന് ഉത്തേജനം നൽകുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. വികസിത് ഭാരത് കെട്ടിപ്പടുക്കാൻ പ്രവർത്തിക്കുന്ന എല്ലാ ഗവൺമെന്റ് ജീവനക്കാരെയും മോദി സോഷ്യൽ മീഡിയ പോസ്റ്റിൽ അഭിനന്ദിച്ചു.

✪✪✪

നിയമസഭ ബജറ്റ് സമ്മേളനത്തിനു ഇന്ന് തുടക്കം. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുടെ ആദ്യ നയപ്രഖ്യാപനത്തോടെയാണ് സമ്മേളനം ആരംഭിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്.

..........വോയ്സ്.......

അടുത്ത മാസം 7 ന് മന്ത്രി കെ എൻ ബാലഗോപാൽ സംസ്ഥാന ബജറ്റ് സഭയിൽ അവതരിപ്പിക്കും. മാർച്ച് 28 വരെ ആകെ 27 ദിവസം സഭ ചേരും

ഈ മാസം 20 മുതൽ 22 വരെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൻ മേൽ നന്ദി പ്രമേയ ചർച്ച നടക്കും.

അടുത്ത മാസം 10 മുതൽ 12 വരെ ബജറ്റിന്മേൽ പൊതു ചർച്ചയും നടക്കും. അടുത്ത മാസം 14 മുതൽ മാർച്ച് 2 വരെ സഭ ചേരില്ല. ബജറ്റുമായി ബന്ധപ്പെട്ട രണ്ടു ധനവിനിയോഗ ബില്ലുകൾ ഈ സമ്മേളനത്തിൽ പാസ്സാക്കും.

✪✪✪

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനു നാമനിർദേശ പത്രിക സമർപ്പണം ഇന്ന് അവസാനിക്കും. 70 അംഗ നിയമസഭയിലേക്ക് അടുത്ത മാസം അഞ്ചിനാണ് വോട്ടെടുപ്പ്, എട്ടിന് വോട്ടെണ്ണും.

✪✪✪

മുതിർന്ന പൗരന്മാരോടു ക്രൂരതയുമായി ബന്ധപ്പെട്ട കേസുകളിൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രായമായ മാതാപിതാക്കളെ ഉപേക്ഷിച്ചു പോകുക, അവരെ ശാരീരികമായോ മാനസികമായോ ഉപദ്രവിക്കുക തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നവരോട് ഒരു ദാക്ഷിണ്യവും കാട്ടേണ്ടതില്ല എന്നതാണ് ഗവൺമെന്റ് നിലപാടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം നഗരസഭ മുതിർന്ന പൗരന്മാർക്കായി സംഘടിപ്പിച്ച മധുരം ജീവിതം സീനേജർ ഫെസ്റ്റിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. മുതിർന്ന പൗരന്മാർക്കു നൽകുന്ന സേവനങ്ങൾ പരമാവധി ഐടി അധിഷ്ഠിതമാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച മുതിർന്ന പൗരന്മാർക്കു നഗരരത്ന പുരസ്കാരങ്ങൾ മുഖ്യമന്ത്രി ചടങ്ങിൽ വിതരണം ചെയ്തു.

മുൻ മുഖ്യമന്ത്രി വി എസ് അച്ചുതാനന്ദൻ, സാഹിത്യകാരൻ പെരുമ്പടവം ശ്രീധരൻ, പരിസ്ഥിതി പ്രവർത്തകൻ ആർ വി ജി മേനോൻ, മുതിർന്ന മാധ്യമപ്രവർത്തകൻ മലയിൻകീഴ് ഗോപാലകൃഷ്ണൻ, ന്യൂറോളജിസ്റ്റ് ഡോ. കെ രാജാശേഖരൻ നായർ, നടൻ മധു, സംഗീതജ്ഞൻ പി ആർ കുമാര കേരള വർമ്മ, ഏഷ്യൻ ഗെയിംസ് മെഡൽ ജേതാവ് പത്മിനി തോമസ് എന്നിവരാണ് നഗരരത്ന പുരസ്കാരത്തിന് അർഹരായവർ.

✪✪✪

കോളിളക്കം സൃഷ്ടിച്ച തിരുവനന്തപുരം നെയ്യാറ്റിൻകര ഷാരോൺ വധക്കേസിൽ നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി ഇന്ന് വിധി പ്രഖ്യാപിക്കും. കാമുകനായ ഷാരോൺ രാജിനെ ഒഴിവാക്കി മറ്റൊരു വിവാഹം കഴിക്കാൻ വേണ്ടി പ്രതി ഗ്രീഷ്മ കഷായത്തിൽ വിഷം നൽകി കൊലപ്പെടുത്തിയെന്നാണ് കേസ്. ഗ്രീഷ്മയുടെ മാതാവും അമ്മാവനും കേസിൽ പ്രതികളാണ്.

✪✪✪

ഭാരതപ്പുഴയിൽ ഒഴുക്കിൽപെട്ട് ഒരു കുടുംബത്തിലെ രണ്ടു കുട്ടികളടക്കം നാലുപേർ മുങ്ങി മരിച്ചു. ചെറുതുരുത്തി ഓടക്കൽ വീട്ടിൽ കബീർ, ഭാര്യ ഷാഹിന, മകൾ സാറ ഷാഹിനയുടെ സഹോദരിയുടെ മകൻ ഫുവാദ് സനിൻ എന്നിവരാണ് മരിച്ചത്. പാഞ്ഞാൾ പഞ്ചായത്തിലെ ചെറുതുരുത്തി ശ്മശാനം കടവിന് സമീപം ഇന്നലെ വൈകിട്ടായിരുന്നു സംഭവം. ഭാരതപ്പുഴയുടെ തീരത്ത് കളിക്കുന്നതിനിടെ വെള്ളത്തിലേക്ക് വീണ കുട്ടികളെ. രക്ഷിക്കാനിറങ്ങിയ കബീറും ഷാഹിനയും ഒഴുക്കിൽ പെടുകയായിരുന്നു.

ഫുവാദ് സനിൻ പങ്ങാരപ്പിള്ളി സെയ്ന്റ് ജോസഫ്സ് സ്കൂളിലെ ഏഴാംക്ലാസ് വിദ്യാർഥിയാണ്.

ചെറുതുരുത്തി ഗവ. എൽ.പി. സ്കൂളിലെ നാലാം ക്ലാസ് വിദ്യാർഥിനിയാണ് സാറ.

✪✪✪

എറണാകുളം ചേന്ദമംഗലത്ത് ഒരു വീട്ടിലെ 3 പേരെ ഇരുമ്പ് പൈപ്പ് കൊണ്ട് അടിച്ചു കൊലപ്പെടുത്തി. വേണു, വിനീഷ, ഉഷ എന്നിവരാണ് കൊല്ലപ്പെട്ടത്. ആക്രമണത്തിൽ പരിക്കേറ്റ് വിനീഷയുടെ ഭർത്താവ് ജിതിൻ ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്. സംഭവത്തിൽ അയൽവാസി റിതുജയൻ എന്നയാളെ പൊലീസ് കസ്റ്റഡിയിലെടുത്തു.

✪✪✪

വയനാട് പുൽപ്പള്ളിയിലെ അമരക്കുനിയിൽ കഴിഞ്ഞ പത്ത് ദിവസമായി ഭീതി പരത്തിയിരുന്ന കടുവ കൂട്ടിലായി. ഇന്നലെ രാത്രി 11.30ഓടെയാണു തൂപ്ര ഭാഗത്തു സ്ഥാപിച്ച കൂട്ടിൽ കടുവ കുടുങ്ങിയത്.

അഞ്ച് കൂടുകളാണ് കടുവയെ പിടികൂടാനായി വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിരുന്നത്. കഴിഞ്ഞ 10 ദിവസങ്ങളിലായി അഞ്ച് ആടുകളെയാണ് പ്രദേശത്തു നിന്ന് കടുവ പിടിച്ചത്.

✪✪✪

പത്തനംതിട്ടയിൽ വിദ്യാർത്ഥിനി നിരന്തര ലൈംഗിക പീഡനത്തിനിരയായ കേസിൽ 60 പ്രതികളിൽ 57 പേരും അറസ്റ്റിലായതായി ജില്ലാ പോലീസ് മേധാവി VG വിനോദ് കുമാർ അറിയിച്ചു.

പ്രതികളുടെയും പ്രതികളായ കൗമാരക്കാരുടെയും എണ്ണംകൊണ്ട് സംസ്ഥാനത്തെ ഏറ്റവും വലിയ പോക്സോ കേസായി മാറിയ പീഡനക്കേസിൽ ഏറ്റവുമൊടുവിൽ ഇലവുംതിട്ട പോലീസ് 4 പ്രതികളെയാണ് അറസ്റ്റ് ചെയ്തത്. പിടി കിട്ടേണ്ട മൂന്ന് പ്രതികൾ വിദേശത്താണ്. ഇവരെ അറസ്റ്റ് ചെയ്യുന്നതിനു നിയമനടപടികൾ പോലീസ് തുടരുകയാണ്. ജില്ലയിലെ നാല് സ്റ്റേഷനുകളിലായി ആകെ 30 കേസുകളാണ് വിദ്യാർത്ഥിനിയുടെ മൊഴിപ്രകാരം രജിസ്റ്റർ ചെയ്തതെന്നും ജില്ലാ പൊലീസ് മേധാവി പറഞ്ഞു. ഇൻസ്റ്റാഗ്രാം ബന്ധമാണ് പീഡനസംഭവങ്ങളുടെ തുടക്കമായതെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

ശബരിമലയിൽ തിരുവാഭരണം അണിഞ്ഞു ഇന്നുവരെയാണ് ദർശനം. 20ന് നടയടയ്ക്കും.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രിജി എസ് ശ്രീധർ.

.......വോയ്സ്..........

സന്നിധാനത്ത് ഇന്നു രാത്രി നട അടയ്ക്കുന്നതുവരെയാണ് തിരുവാഭരണം അണിഞ്ഞുള്ള ദർശനം ലഭിക്കുക. മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് നടക്കുന്ന പ്രധാന ചടങ്ങുകളിലൊന്നായ മണിമണ്ഡപത്തിൽ കളമെഴുത്തും മാളികപ്പുറത്തു നിന്ന് പതിനെട്ടാം പടിവരെയുള്ള നായാട്ടു വിളിയും ഭഗവാന്റെവിളക്കെഴുന്നള്ളിപ്പും ഇന്നുവരെ നടക്കും. നാളെ രാത്രിയിൽ നടക്കുന്ന വിളക്കെഴുന്നള്ളത്തിൽ ഭഗവാൻ ശരം കുത്തിയിലേയ്ക്കാണ് എഴുന്നള്ളത്ത് നടത്തുക. മണ്ഡല മകരവിളക്ക് സമയത്ത് തീർഥാടരെത്തുന്നതിനാൽ മാറ്റിനിർത്തപ്പെടുന്ന ഭൂതഗണങ്ങളെ തിരിച്ച് സന്നിധാനത്തേയ്ക്ക് തിരിച്ചുവിളിക്കാൻ നടത്തുന്ന എഴുന്നെള്ളത്താണെന്നാണ് വിശ്വാസം.

✪✪✪

ഐ ലീഗ് കേരള ഫുട്ബോളിൽ ഗോകുലം കേരള FC ഇന്ന് പഞ്ചാബ് നാംധാരി FCയെ നേരിടും. രാത്രി ഏഴിന് കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം. തുടർച്ചയായ രണ്ട് ജയങ്ങൾക്ക് ശേഷമാണ് ഗോകുലം കേരള സ്വന്തം തട്ടകത്തിൽ ഇന്ന് കളത്തിലിറങ്ങുന്നത്.

✪✪✪

ISL ഫുട്ബാളിൽ പഞ്ചാബ് FC, മുംബൈ സിറ്റി മത്സരം സമനിലയിൽ പിരിഞ്ഞു. ന്യൂഡൽഹിയിൽ നടന്ന മത്സരത്തിൽ ഇരു ടീമുകളും ഓരോ ഗോൾ നേടി.

ഇന്ന് വൈകീട്ട് 7.30ന് ജംഷഡ്പൂരിൽ നടക്കുന്ന മത്സരത്തിൽ ജംഷഡ്പൂർ FC, ATK മോഹൻ ബഗാനെ നേരിടും.

✪✪✪

ന്യൂഡൽഹിയിൽ ഇന്ത്യ ഓപ്പൺ ബാഡ്മിന്റൺ മത്സരത്തിൽ ഇന്ത്യയുടെ P.V. സിന്ധു ക്വാർട്ടറിൽ പ്രവേശിച്ചു. രണ്ടാം റൗണ്ടിൽ ജപ്പാന്റെ മനാമി സൂയിസുവിനെ തോൽപ്പിച്ചാണ് സിന്ധുവിന്റെ മുന്നേറ്റം. ക്വാർട്ടർ മത്സരത്തിൽ ഇന്ന് ഇന്തോനേഷ്യയുടെ ഗ്രിഗോറിയ മരിസ്ക ടുൻജംഗിനെയാണ് സിന്ധു നേരിടുന്നത്.

പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ കിരൺ ജോർജ് ക്വാർട്ടറിലെത്തി. ക്വാർട്ടറിൽ ഇന്ന് ചൈനയുടെ വെങ് ഹോങ്യാങ്ങിനെ ജോർജ്ജ് നേരിടും.

✪✪✪

സ്റ്റാർട്ടപ്പുകൾ വഴി ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ തയ്യാറാക്കിയ ഉപകരണങ്ങൾ കാർഷിക മേഖലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആറുമാസത്തി നുള്ളിൽ അവതരിപ്പിക്കുമെന്ന് മന്ത്രി P. പ്രസാദ് പറഞ്ഞു.

അടുത്ത അഞ്ച് വർഷകാലത്തേക്ക് കൃഷി വകുപ്പ് 2,375 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

ഇരിക്കൂർ നിയോജക മണ്ഡലത്തിലെ കർഷകസംഗമം ആലക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കണ്ണൂർ ജില്ലാ അഗ്രി ഹോർട്ടികൾച്ചർ സൊസൈറ്റി സംഘടിപ്പിക്കുന്ന കണ്ണൂർ പുഷ്പോത്സവം മന്ത്രി P. പ്രസാദ് ഉദ്ഘാടനം ചെയ്തു.

ഈ വർഷത്തെ സംസ്ഥാന കൃഷി അവാർഡ് ജേതാവായ K. ബിന്ദു, അഗസ്റ്റിൻ തോമസ് എന്നിവരെ പരിപാടിയിൽ അനുമോദിച്ചു. ഈ മാസം 27 വരെയാണ് പുഷ്പോത്സവം.

✪✪✪

ക്ഷീര കർഷകർക്ക് വീട്ടുമുറ്റത്തു സേവനം ലഭ്യമാക്കാൻ സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളിൽ വെറ്ററിനറി ആംബുലൻസ് ഒരാഴ്ചക്കകം ലഭ്യമാക്കുമെന്ന് മന്ത്രി J ചിഞ്ചുറാണി പറഞ്ഞു. കണ്ണൂർ ജില്ലാ ക്ഷീര കർഷക സംഗമം ഉദയഗിരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 1962 എന്ന നമ്പറിൽ വിളിച്ചാൽ കർഷകരുടെ വീട്ടിൽ ഡോക്ടർ ഉൾപ്പെടെ സേവനങ്ങൾ എത്തുന്ന രീതിയിലാണ് പദ്ധതി ഒരുക്കുന്നതെന്നും മന്ത്രി അറിയിച്ചു.

✪✪✪

നിറത്തിന്റെ പേരിൽ ഭർത്താവിന്റെ അധിക്ഷേപത്തെ തുടർന്ന് കൊണ്ടോട്ടി സ്വദേശിയായ 19 കാരി ആത്മഹത്യ ചെയ്യാൻ ഇടയായ സംഭവത്തിൽ സംസ്ഥാന യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്തു. മലപ്പുറം ജില്ലയിൽ നടന്ന യുവജന കമ്മീഷൻ അദാലത്തിലാണ് ചെയർമാൻ എം. ഷാജർ ഇക്കാര്യം അറിയിച്ചത്. വിഷയത്തിൽ ജില്ലാ പോലീസ് മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

*News Editor: ചന്ദ്രബാബു പി*
*News Reader: ഹക്കീം കൂട്ടായി*
*Casual News Reader:സബിത ആനന്ദ്*
*DEO: സുബോധ് സി കെ*